## ഫിലിപ്പിയർ 2:5

“ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.”

കർത്താവിൽ പ്രിയരേ, നമ്മുടെ കർത്താവായ യേശുക്രിസ്തു, പാപങ്ങളിലും അതിക്രമങ്ങളിലും മരിച്ചവരായിരുന്ന നമ്മെ ഓരോരുത്തരേയും വീണ്ടെടുക്കുവാൻ വേണ്ടി യാഗമായ് തീർന്നതിന്റെ ഒരു ഓർമ്മ പുതുക്കലിന്റെ അനുഭവത്തിലൂടെ നാം പലപ്പോഴും കടന്നു പോകാറുണ്ടല്ലോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിരിക്കുന്ന നാമോരോരുത്തരും ഇന്ന് ആയിരിക്കുന്ന അനുഭവം എന്നു പറയുന്നത് എല്ലാവർക്കും ഒരേപോലെ ഉള്ള ഒന്നായി മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു, ലോകം ആകമാനം ഭീതിയിൽ കഴിയുന്നു. പ്രവാചകനിലൂടെ ദൈവത്തിന്റെ ശബ്ദം ഇപ്രകാരം സംസാരിച്ചു, “ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു.” ഇന്ന് കർത്താവിന്റെ പീഢാനുഭവ ധ്യാന ചിന്തകളിലൂടെ നാം കടന്നു പോകുമ്പോൾ ആ വെളിച്ചത്തിന്റെ ഉള്ളിൽ പ്രവേശിച്ച് നമ്മിലുള്ള സകല അന്ധകാരത്തിന്റെയും അനുഭവം മാറി നാം അവന്റെ തേജസ്സിൽ പ്രകാശിക്കുവാൻ ഇടയായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

### 3. ക്രിസ്തു മനുഷ്യസാദൃശ്യത്തിലായി (ഫിലിപ്പിയർ 2:8)

ക്രിസ്തുവിന്റെ പീഢാനുഭവ ധ്യാന ചിന്തകളിലൂടെ തുടർന്നു പോകുമ്പോൾ നാം കാണുന്ന ക്രിസ്തുവിന്റെ മറ്റൊരു ഭാവം എന്നു പറയുന്നത് അവൻ മനുഷ്യസാദൃശ്യത്തിലായി എന്നുള്ളതാണ്. ഇന്നും ലോകത്തിൽ അനേകം വാഗ്വാദങ്ങൾക്കു കാരണമായിരിക്കുന്ന ഒരു കാര്യമാണ് ക്രിസ്തുവിന്റെ മനുഷ്യസാദൃശ്യം എന്നുള്ളത്. എന്നാൽ ഒരു ദൈവപൈതലിന്റെ ആധാരം ദൈവവചനമാണ്. അതിൽ നിലനിൽക്കുന്നിടത്തോളം ദൈവത്തിന്റെ ആത്മാവിനാൽ അവൻ നയിക്കപ്പെടുകയും ദൈവീകമർമ്മങ്ങളെ അവനു പകർന്നു കൊടുക്കുകയും ചെയ്യും.

പ്രിയരെ, ദൈവം മനുഷ്യനായി ഈ ഭൂമിയിലേക്ക് ഇറങ്ങി വരിക എത്ര ആശ്ചര്യമുളവാക്കുന്ന ഒരു കാര്യമാണല്ലേ! നമുക്കറിയാം ആദിയിൽ ആദാമിനൊടും ഹവ്വായോടും ദിനവും സംസർഗ്ഗം പുലർത്തിയിരുന്നവനായ ദൈവം, യിസ്രായേൽ മക്കളെ വിടുവിക്കുകയും അവരെ വാഗ്ദത്ത നാട്ടിലേക്ക് വഴി നടത്തുകയും ചെയ്തവനായ ദൈവം; എന്നാൽ ഈ കാലത്തൊക്കെയും ദൈവം പ്രവാചകന്മാരിലൂടെയും, തന്റെ ദൂതന്മാരിലൂടെയുമൊക്കെയാണ് അവരോട് സംസർഗ്ഗം പുലർത്തിയത്. അദൃശ്യനായ

ദൈവത്തെ കാണുവാൻ പലരും കൊതിച്ചു. മോശ അവരിൽ പ്രധാനി ആയിരുന്നതായി നമുക്ക് വചനത്തിൽ കാണാം. എന്നാൽ ദൈവം താൻ ഭൂമിയിലേക്ക്, തന്റെ ജനത്തിന്റെ ഇടയിലേക്ക്, ഇറങ്ങി വരുവാൻ തീരുമാനിച്ചപ്പോൾ, താൻ തിരഞ്ഞെടുത്തത് ദൈവീക രൂപമല്ല മറിച്ച് മാനുഷ രൂപമാണ്. ദൈവം മനുഷ്യനായി മണ്ണിൽ പിറന്നു, അവന്ന് ദൈവം നമ്മോടു കൂടെ എന്നു അർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കപ്പെട്ടു.

പ്രിയരേ, ഈ ലോകത്തിലായിരുന്ന കാലയളവത്രയും അവൻ വെറും മനുഷ്യനായി ജീവിച്ചു. നസ്രായനായ ഒരു തച്ചന്റെ കുടുംബത്തിൽ പിറന്ന്, താൻ വളർന്നപ്പോൾ ആ തൊഴിലിലും യേശു പ്രാവീണ്യം നേടി. അവനെക്കുറിച്ച് എബ്രായ ലേഖന കർത്താവ് ഇപ്രകാരം പറഞ്ഞു, 'നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു.' അതിനാൽ നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊൾക. എത്ര മഹത്വരമായ, നമ്മെ ആശ്വസിപ്പിക്കുകയും ബലപ്പെടുത്തുന്നതുമായ ഒരു വചനഭാഗമാണിത്. അവന്റെ മനുഷ്യസാദൃശ്യത്തെക്കുറിച്ച് ധ്യാനിക്കുമ്പോൾ ഒരു പക്ഷെ നമുക്ക് ഈ ഒരു ചിന്തയിൽ ഒതുക്കുവാൻ സാധിച്ചെന്നു വരികയില്ല. അത് നാം ദൈവവചനത്തിന്റെ ഓരോ ഭാഗങ്ങളിലും കടന്നു ചെല്ലുമ്പോൾ നമുക്ക് കാണുവാനും അനുഭവിക്കുവാനും കഴിയുന്നതാണ്. ക്രൂശിലേറ്റുന്നതിന്നു മുമ്പ് താൻ ഏറ്റ വേദനകൾ, സഹനങ്ങൾ, നിന്ദകൾ; അതിലൂടെയെല്ലാം കടന്നു പോകുമ്പോൾ വെറും പച്ചയായ ഒരു മനുഷ്യന്റെ അനുഭവത്തിൽ ആയിരുന്നു അവൻ എന്നു നമുക്ക് കാണുവാൻ കഴിയും.

ദൈവപൈതലെ, നല്ലവനായ ക്രിസ്തുവിന്റെ ഈ ഭാവം നമ്മിലുണ്ടോ? സകലവും പ്രതികൂലമായി ഭവിക്കുമ്പോൾ നല്ലവനായ ദൈവത്തെ തള്ളി, അവൻ എന്നെ കൈവിട്ടുകളഞ്ഞെന്ന മനോഭാവത്തോടെ നാം ആയിത്തീർന്നിട്ടുണ്ടോ? എങ്കിൽ മടങ്ങി വരാം. ദൈവം താൻ മനുഷ്യസാദൃശ്യത്തിലായ അവസ്ഥ ജീവിതത്തിൽ ഏറ്റെടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

യോഹന്നാൻ 1:1, 14

ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു.

വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 153